നമ്പർ: WCD-E1/26/2022

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം, പൂജപ്പുര, തിരുവനന്തപുരം
തീയതി : 10/01/2022

## പരിപത്രം

വിഷയം - വനിത ശിശുവികസന വകുപ്പ് - ജീവനക്കാര്യം - 31/03/2022 വരെ ജീവനക്കാർക്ക് അവധി അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നത് - സംബന്ധിച്ച്.

2021-22 സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടത്തേണ്ട സമയത്ത് പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരായ ശിശുവികസന പദ്ധതി ഓഫീസർമാർ, ICDS സൂപ്പർവൈസർമാർ എന്നിവർ ദീർഘകാല അവധിയിൽ പ്രവേശിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന പ്രവണത വർദ്ധിച്ച് വരുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശിശുവികസന പദ്ധതി ഓഫീസർമാരും, ICDS സൂപ്പർവൈസർമാരും വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരാണെന്നിരിക്കേ സാമ്പത്തിക വർഷാവസാന കാലയളവിൽ ദീർഘകാല അവധിയിൽ പ്രവേശിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വകുപ്പിന്റെയും ക്ഷേമപദ്ധതികളുടെ നിർവ്വഹണത്തിന് തടസ്സമുണ്ടാക്കുകയും പദ്ധതി വിഹിതം നിശ്ചിത സമയത്തിനകം ചെലവഴിക്കുന്നതിന് കഴിയാത്ത സാഹചര്യം സൃഷ്ടിക്കുകയും ചെയ്യും.

ഈ സാഹചര്യത്തിൽ ശിശുവികസന പദ്ധതി ഓഫീസർമാർ, ICDS സൂപ്പർവൈസർമാർ, കീഴ്ക്കാര്യാലയങ്ങളിലെ മറ്റ് വിഭാഗം ജീവനക്കാർ എന്നിവർക്ക് 31/03/2022 വരെ അവധി അനുവദിക്കുന്നതിന് ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. വകുപ്പിന്റെ കീഴ്ക്കാര്യാലയങ്ങളിലെ ജീവനക്കാർ അവധി അനുവദിക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകൾ കാര്യാലയമേധാവികൾ വിശദമായി പരിശോധിച്ച് അവധി അനുവദിക്കേണ്ട അടിയന്തിര സാഹചര്യങ്ങളിൽ മാത്രം അവധി അനുവദിച്ച് നൽകിയാൽ മതിയാകും.

2. ശിശുവികസന പദ്ധതി ഓഫീസർമാർ അവധി ആവശ്യമായി വരുന്ന അടിയന്തിര സാഹചര്യങ്ങളിൽ അവധി വിനിയോഗിക്കുന്ന കാരണം വ്യക്തമായി രേഖപ്പെടുത്തി ആയത് തെളിയിക്കുന്നതിനുള്ള രേഖകളുണ്ടെങ്കിൽ അത് കൂടി ഉൾപ്പെടുത്തി അതാത് ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക് അവധി അപേക്ഷ മുൻകൂട്ടി സമർപ്പിക്കേണ്ടതാണ്.

3. അവധിയ്ക്ക് അപേക്ഷ സമർപ്പിക്കുന്ന ശിശുവികസന പദ്ധതി ഓഫീസർക്ക് ഈ കാലയളവിൽ അവധിയിൽ പ്രവേശിക്കേണ്ട അടിയന്തിര സാഹചര്യമുണ്ടെന്ന് ജില്ലാ വനിതാ ശിശുവികസന ഓഫീസർക്ക് പൂർണ്ണമായും ബോധ്യപ്പെടുന്ന പക്ഷം അത്തരം അപേക്ഷകൾ മതിയായ ശുപാർശം സഹിതം wcdestablishment2017@gmail.com എന്ന ഇമെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതും, തുടർന്ന് അപേക്ഷ ഫാറത്തിന്റെ ഹാർഡ് കോപ്പിയും ആമുഖ കത്തും തപാൽ മുഖേനയും ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

**4.** ശിശുവികസന പദ്ധതി ഓഫീസർമാർ മെഡിക്കൽ സർട്ടിഫിക്കറ്റ് ഉൾപ്പടെ സമർപ്പിക്കുന്ന അപേക്ഷയിന്മേൽ, മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ആധികാരികതയെ സംബന്ധിച്ച് സംശയമുണ്ടെങ്കിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർക്ക് അയച്ച് രണ്ടാമതൊരു വൈദ്യപരിശോധനയ്ക്ക് വിധേയമാക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട ജില്ലാ വനിതാ ശിശുവികസന ഓഫീസർ തന്നെ നിർവ്വഹിക്കേണ്ടതാണ്.

**5.** ശിശുവികസന പദ്ധതി ഓഫീസർമാർ സമർപ്പിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് രണ്ടാമതൊരു വൈദ്യപരിശോധനയ്ക്ക് വിധേയമാക്കുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർക്ക് അയക്കുന്ന പക്ഷം അത്തരം പ്രോജക്ടുകളിൽ ശിശുവികസന പദ്ധതി ഓഫീസറുടെ ചുമതല ക്രമീകരിക്കുന്നതിന് ആവശ്യമായ ശുപാർശ ഉടൻ തന്നെ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

**6.** ശിശുവികസന പദ്ധതി ഓഫീസർമാരുടെ അവധി അപേക്ഷ ഈ കാര്യാലയത്തിലേയ്ക്ക് ശുപാർശ ചെയ്ത് അയക്കുമ്പോൾ ടി ജീവനക്കാർ അവധിയിൽ പ്രവേശിക്കുന്നതിലൂടെ വകുപ്പിന്റെയോ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയോ പദ്ധതി നിർവ്വഹണത്തെ യാതൊരുവിധത്തിലും ബാധിക്കാത്ത തരത്തിൽ അവധിയിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ ചുമതല ക്രമീകരിക്കുന്നതിനുള്ള ശുപാർശ കൂടി ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ ഉൾപ്പെടുത്തേണ്ടതാണ്. അധിക ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർ ടിയാളുടെ റഗുലർ തസ്തികയിലെ ചുമതലകൾക്ക് പുറമേ, പൂർണ്ണ അധിക ചുമതല നൽകുന്ന തസ്തികയുടെ സാമ്പത്തികവും, ഭരണപരവും നിയമപരവുമായ എല്ലാ ചുമതലകളും തൃപ്തികരമായി നിർവ്വഹിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതുമാണ്.

**7.** ശിശുവികസന പദ്ധതി ഓഫീസർമാർ ഈ കാര്യാലയത്തിലേയ്ക്ക് നേരിട്ട് അയക്കുന്ന അവധി അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

അവധി അനുവദിക്കുന്ന/ അവധി അപേക്ഷ ശുപാർശ ചെയ്ത് അയക്കുന്ന എല്ലാ കാര്യാലയമേധാവികളും മേൽ പറഞ്ഞ നിർദ്ദേശങ്ങൾ ഗൗരവമായി വീക്ഷിക്കേണ്ടതും കർശനമായി പാലിക്കേണ്ടതുമാണ്.

**(ഒപ്പ്)**
**വനിത ശിശുവികസന ഡയറക്ടർ**

1. എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും.
2. സൂപ്രണ്ട്. ഐ.റ്റി സെൽ (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
3. സ്റ്റോക്ക് ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്